**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4363** **18-07-2022 - ൽ മറുപടിയ്ക്ക്**

**നീതി ലാബുകളിലെ സ്ഥിര നിയമനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി ദെലീമ | | ശ്രീ. വി.എൻ വാസവൻ<br>(സഹകരണ- രജിസ്ട്രേഷൻ, സാംസ്കാരികം വകുപ്പ് മന്ത്രി) | |
| (എ) | സഹകരണ ബാങ്കുകളുടെ കീഴിൽ പ്രവർത്തിക്കുന്ന നീതി ലാബുകളിൽ ലാബ് അസിസ്റ്റന്റ്, ടെക്നീഷ്യന്മാർ എന്നിവർക്ക് സ്ഥിരനിയമനം നടത്തുന്നതിന് എന്തെങ്കിലും തടസ്സം നിലവിലുണ്ടോ; വ്യക്തമാക്കാമോ; | (എ) | 1969 ലെ കേരള സഹകരണ സംഘം നിയമം അപ്പൻഡിക്സ് III ൽ നീതി ലാബുകളിൽ ലാബ് അസിസ്റ്റന്റ്, ടെക്നിഷ്യൻ എന്നീ തസ്തികകൾ ഉൾപ്പെടുത്തിയിട്ടില്ലാത്തതിനാൽ പ്രസ്തുത തസ്തികകളിലേക്ക് സ്ഥിരനിയമനം നടത്തുന്നതിന് വ്യവസ്ഥയില്ല. |
| (ബി) | ചേർത്തല ഗവൺമെന്റ് സർവന്റ്സ് കോ ഓപ്പറേറ്റീവ് ബാങ്കിന് കീഴിൽ പ്രവർത്തിക്കുന്ന നീതി ലാബിൽ ലാബ് ടെക്നീഷ്യൻ, ലാബ് അസിസ്റ്റന്റ് തസ്തികകളിൽ സ്ഥിര നിയമനത്തിന് അനുമതി തേടി നൽകിയ അപേക്ഷയുടെ നിലവിലെ അവസ്ഥ വ്യക്തമാക്കാമോ? | (ബി) | ചേർത്തല ഗവൺമെന്റ് സർവെൻറ്സ് കോ-ഓപ്പറേറ്റീവ് ബാങ്കിന് കീഴിൽ പ്രവർത്തിക്കുന്ന നീതി ലാബിൽ താത്ക്കാലിക ജീവനക്കാരായി 11 പേർ ജോലി ചെയ്യുന്നുണ്ട്. ആയതിന് സഹകരണ സംഘം രജിസ്ട്രാറുടെ മുൻ അനുവാദം വാങ്ങിയിട്ടില്ല. ഇത് സംബന്ധിച്ചും നിലവിൽ 3 ജീവനക്കാരെ നിയമിക്കുവാൻ ഉദ്ദേശിച്ചിട്ടുള്ളത്, ടി താത്ക്കാലിക ജീവനക്കാരിൽ നിന്നാണോ എന്നത് സംബന്ധിച്ചും വ്യക്തമാക്കണമെന്ന് കാണിച്ച് ആലപ്പുഴ ജോയിന്റ് രജിസ്ട്രാർ (ജനറൽ) സംഘത്തിന് കത്ത് നൽകിയിരിക്കുകയാണ്. ആയത് സംബന്ധിച്ച് സംഘം ഇതുവരെ ആലപ്പുഴ ജോയിന്റ് രജിസ്ട്രാർ (ജനറൽ) ന് മറുപടി നൽകിയിട്ടില്ല. മറുപടി ലഭിക്കുന്ന മുറയ്ക്ക് സംഘത്തിന്റെ അപേക്ഷ തീർപ്പാക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ